**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കുമുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ ജനവാസമേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി ഡിവിഷൻ തലത്തിൽ വിവിധ കർമ്മപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസമേഖലയ്ക്ക് ചുറ്റും സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവവേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനവാസമേഖലകളോട്ട ചേർന്ന ജനവാസകേന്ദ്രങ്ങളിൽ കൃത്യമായ നിരീക്ഷണവും പട്രോളിംഗും വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിവരുന്നുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രതാ സമിതികളിലൂടെയും കൃത്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ- വന്യമൃഗ സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും നിരീക്ഷണം ശക്തമാക്കുകയും, കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തു വരുന്നുണ്ട്. ജനകീയ പങ്കാളിത്തത്തോടെ എസ്.എം.എസ്. അലർട്ട് സംവിധാനം നടപ്പിലാക്കി വരുന്നു. കൂടാതെ കാടിറങ്ങി വരുന്ന ആക്രമണകാരികളായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് അതാതു പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും സർക്കാർ ഉത്തരവു പ്രകാരം ചുമതല നൽകിയിട്ടുള്ളതാണ്.<br><br>വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥാനങ്ങളിൽ കുളങ്ങൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ച് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയും അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശയിനം ഏകവിളത്തോട്ടങ്ങൾ മുറിച്ചു നീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷയിനങ്ങൾ നട്ടുപിടിപ്പിച്ച് പാരിസ്ഥിതിക |

| | | | |
|---|---|---|---|
| | | | പുനഃസ്ഥാപനം നടത്തി വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്തിയും ജനവാസമേഖലയിൽ ഇറങ്ങുന്നത് കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്.) 4/2024/ഡി.എം.ഡി. തീയതി 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ എല്ലാ ഡിവിഷനുകളിലും Division Emergency Operation Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പ് ആസ്ഥാനത്ത് SEOC (State Emergency Operation Centre) പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണവും ഇത്തരം ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണവും ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണവും ഇത്തരം ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണവും അനുബന്ധം ഒന്നായി ചേർക്കുന്നു. മരണങ്ങൾ അധികവും സംഭവിച്ചിട്ടുള്ളത് വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റു മൂലമാണ്. |
| (സി) | വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ള പാക്കേജ് എന്തൊക്കയാണ്; പ്രസ്തുത സംഭവങ്ങളിൽ കേന്ദ്രസഹായം യഥാസമയം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കേരളത്തിൽ വന്യജീവികളുടെ ആക്രമണം നേരിടുന്നവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. നിലവിൽ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/ വനം, സർക്കാർ ഉത്തരവ് (കൈ) നം.3/2024/വനം തീയതി 20-01-2024 എന്നീ ഉത്തരവുകൾ പ്രകാരമാണ് ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക പറ്റിയവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. നിലവിലെ നിരക്ക് അനുബന്ധം രണ്ടായി ചേർക്കുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ 22-12-2023 ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ F.No.WL-21/04/2023-WL പ്രകാരം വന്യജീവി ആക്രമണങ്ങൾ മൂലമുള്ള നഷ്ടത്തിന് കേന്ദ്ര സർക്കാരിന്റെ 2406-02-110-52 IDWH (Protection of Wildlife Habitats outside protected areas) (Plan) ശീർഷകത്തിൽ നിന്നും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാമെന്ന് പറയുന്നുണ്ട് എങ്കിലും 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 30 ലക്ഷം രൂപ മാത്രമാണ് വിവിധ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്. ആയതുകൊണ്ട് തന്നെ നഷ്ടപരിഹാരത്തിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക വളരെ തുച്ഛമാണ്. |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാന ബഡ്ജറ്റ് ശീർഷകങ്ങളായ 2406-02-110-09 Measure to reduce man animal conflicts (Plan), 2406-01-800-82 relief to victims affected by the attack of wild animals (Non Plan) എന്നിവയിലും; കേന്ദ്രാവിഷ്കൃത പദ്ധതി ശീർഷകങ്ങളായ 2406-02-110-35 Project Elephant (Plan), 2406-02-110-52 IDWH (Protection of Wildlife Habitats outside protected areas) (Plan) എന്നിവയിലും വിവിധ പദ്ധതികൾക്കായി ലഭ്യമായ അലോട്ട്മെന്റിൽ നിന്നുമാണ് വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നത്. നഷ്ടപരിഹാരത്തിന് മാത്രമായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്നില്ല.<br><br>വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട ഒരു സംഭവത്തിൽ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് കേന്ദ്ര ശീർഷകത്തിൽ നിന്നോ സംസ്ഥാന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നോ നഷ്ടപരിഹാരം അനുവദിക്കുകയാണ് ചെയ്യുന്നത്. ഒരേ സമയം രണ്ട് ശീർഷകങ്ങളിൽ നിന്നുമുള്ള നഷ്ടപരിഹാരം നിലവിൽ അനുവദനീയമല്ല.<br><br>2023-24 സാമ്പത്തിക വർഷം കേന്ദ്ര ശീർഷകങ്ങളിൽ നിന്നും ആകെ 74.51 ലക്ഷം രൂപ മാത്രം ലഭിച്ചപ്പോൾ സംസ്ഥാന ശീർഷകങ്ങളിൽ നിന്നായി 2,105.29 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്.<br><br>കേരള വനം വകുപ്പും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും ചേർന്ന് വനാശ്രിത കുടുംബങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനത്തിനുള്ളിലും അരികിലും താമസിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കാണ് അർഹതയുള്ളത്. അപകടമരണം, അംഗവൈകല്യം, വന്യജീവി ആക്രമണം, പ്രകൃതി ദുരന്തം തുടങ്ങിയവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. വനത്തിനു പുറത്ത് താമസിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർ അല്ലാത്തവർക്കും വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായാൽ ടി ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. വന്യമൃഗങ്ങളുടെ ആക്രമണം മൂലം അംഗവൈകല്യം സംഭവിച്ചാൽ ഒരാൾക്ക് ഒരു വർഷം പരമാവധി 50,000 രൂപ വരെ ലഭിക്കുന്നതാണ്. ചികിത്സാനുകൂല്യം ആശുപത്രി മുറിവാടക, മരുന്ന്, ലബോറട്ടറി ചെലവ് എന്നിവയ്ക്ക് 1,000 രൂപ വരെയും, ആംബുലൻസ് വാടകയായി 500 രൂപ വരെയുമാണ് അനുവദിക്കുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| സർക്കിൾ | വന്യജീവി ആക്രമണങ്ങളുടെ എണ്ണം | ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 2,646 | 59 |
| ഹൈ റേഞ്ച് സർക്കിൾ, കോട്ടയം | 395 | 33 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 2,864 | 43 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 3,561 | 101 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 11,994 | 94 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 101 | 1 |
| വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | 270 | 1 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 2,054 | 4 |
| **ആകെ** | **23,885** | **336** |